# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :05/10/ 2019

## തലയോട്ടിയും അസ്ഥികളും കണ്ടെത്തി: അന്വേഷണം തുടങ്ങി

കൊല്ലം : വർഷങ്ങളായി അടച്ചിട്ടിരുന്ന മുറിയിൽ നിന്നു സ്ത്രീ യുടേതെന്ന് കരുതുന്ന തലയോട്ടിയും ഏതാനും അസ്ഥികളും കണ്ടെടുത്തു. തേവള്ളി പാലസ് നഗർ-101 വേലായുധ ഭവനിൽ നിന്നാണു തലയോട്ടി ലഭിച്ചത്. വീടിന്റെ ചുറ്റുമതിൽ ഉൾപ്പെടുന്ന പുരയിടത്തിൽ വീടിനോട് ചേർന്ന ഒരു ഒറ്റമുറി കെട്ടിട ത്തിന്റെ ഒരു വശത്തെ ചുവർ കഴിഞ്ഞ ദിവസത്തെ മഴയിൽ ഇടിഞ്ഞു വീഴുകയും, തുടർന്ന് അയൽവാസി ഈ ചുവർ പുനർനിർമ്മിക്കാൻ തുടങ്ങി. പുനർനിർമ്മാണ വേളയിൽ തൊഴിലാളികളാണ് തലയോട്ടി കണ്ടത്. വിവരം കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും വിദഗ്ധ പരിശോധനയിൽ ഏതാനും അസ്ഥികളുടെ ഭാഗവും കണ്ടെടുത്തു. പോലീസും ഫൊറൻസിക് വിദഗ് ധരും തെളിവുകൾ ശേഖരിച്ചു. പോസ്റ്റ്മാർട്ടത്തിന് ശേഷമേ തലയോട്ടി യുടെ കാലപ്പഴക്കം നിർണയിക്കാൻ കഴിയു. കാലപ്പഴക്കം കണ്ടെത്തിയ ശേഷം അക്കാലയളവിൽ കാണാതായവരുടെ ഉൾപ്പടെ വിവരം ശേഖരി ക്കും. സംഭവത്തെകുറിച്ച് വിശദമായ അന്വേഷണം നടത്തുമെന്നു വെസ്റ്റ് പോലീസ് അറിയിച്ചു.

